കഥ

# വറുതി

വെക്കേഷൻ സമയമായതിനാൽ ഹരിയും സുഹൃത്തുക്കളും നാട്ടിലെ ക്ലബ്ബിൽ ഒത്തുകൂടുക പതിവായിരുന്നു.അവിടെ കാരംസ് കളിച്ചും ചീട്ടു കളിച്ചും നേരം പോകുന്നത് അവർ അറിയാറില്ല. ഉച്ചക്കു ശേഷം നിയെ കളിക്കാരാവും. ഹരിയും കൂട്ടരും അധികവും ചീട്ടു കളിയിലാവും ഉണ്ടാകുക. നാട്ടിലെ സാമൂഹ്യ സാംസ്കാരിക മണ്ഡലത്തിൽ ഹരിയും കൂട്ടരും നിറഞ്ഞു നിന്നിരുന്നു. ഒഴിവു ദിവസങ്ങളിൽ കുട്ടികൾക്കു ട്യൂഷൻ എടുക്കുന്നതും അവർ തന്നെ. വീട്ടിൽ ദാരിദ്ര്യമായതിനാൽ അവർ ഇടക്കു ചെറിയ എന്തെങ്കിലും പണികൾ ചെയ്തു ചായ കുടിക്കുന്നതിനുള്ള വക ഉണ്ടാക്കും.

ഒരു ദിവസം എല്ലാവരും ചേർന്ന് കാഞ്ഞിരതോൽ പൊളിച്ചെടുക്കുന്നതിനായി കൊടക്കാടൻ കുന്നിലേക്ക് പോയി. കാഞ്ഞിര മരത്തിനെ പൊതിഞ്ഞിരിക്കുന്ന പാളികൾ പൊളിച്ചു വിറ്റാൽ നല്ല പൈസയാണ്. അത് ഏതോ മരുന്നിനു കൊണ്ടുപോകുകയാണെന്നാണ് അറിവ്. രാവിലെ കയറിയാൽ നേരം ഇരുട്ടുന്നതുവരെ കൊടക്കാടൻ കുന്നിൽ തന്നെ. അവിടെ പലതരം മരങ്ങൾകൊണ്ട് നിബിഡമായിരുന്നു. അവയിൽ അധികവും കാഞ്ഞിരവും. പൊളിച്ചെടുത്ത് കെട്ടി ചാക്കിലാക്കി മുല്ലപ്പള്ളിയിലെ മൊയ്തീൻ കാക്കയുടെ പീടികയിൽ കൊണ്ടുകൊടുക്കും. അവിടെ കാഞ്ഞിരകുരുവും, പനങ്കുരുവും എടുത്തിരുന്നു. കിട്ടിയ പൈസകൊണ്ട് അവിടെ നിന്നും ജോളി ഹോട്ടലിലേക്ക് നടക്കും. പൊറോട്ടയും ബീഫും കഴിക്കും. ബാക്കി പൈസയുണ്ടെങ്കിൽ വീതിച്ചെടുക്കും. അന്ന് അവർക്ക് നല്ല പൈസ കിട്ടിയിരുന്നു. അതിൽ ബാക്കിയായതിൽ ഹരിക്ക് പത്ത് രൂപകിട്ടി. അത്കൊണ്ട് ചക്കരകിഴങ്ങും ചക്കരയും വാങ്ങി വീട്ടിലേക്ക് പോകുമ്പോൾ നേരം നന്നെ വൈകി. എങ്ങും ഇരുട്ട് പരന്നിരുന്നു. അങ്ങാടിയിൽ നിന്നും നടന്ന് വീട്ടിലേക്കുള്ള തോടിന്റെ അരികിലെ വലിയ വരമ്പിലൂടെ നടന്ന് ഈന്തുംകുണ്ട് കുളത്തിന്റെ അടുത്തെത്തി. അപ്പോഴേക്കും ഇരുട്ട് മങ്ങി തുടങ്ങും. അവിടെയൊന്നും ഒരു വീടും ഉണ്ടായിരുന്നില്ല. പാടത്തു നിന്നും തവളകളുടെ കരച്ചിൽ മാത്രം. നേരിയ ഭയം തോന്നി. ചോലക്കര കുളത്തിനടുത്താണ് പേടിയുള്ളത്. അവിടെ കാവുണ്ട്. വളവ് തിരിഞ്ഞ് നടക്കുമ്പോഴാണ് ആ ദൃശ്യം കണ്ടത്. വലിയ കൊമ്പുള്ള ഒരു പോത്തിന്റെ പുറത്ത് ഒരാൾ ഇരുട്ടത്ത് വരുന്നതുപോലെ തോന്നി. ആദ്യം വിശ്വസിച്ചില്ല. എന്നാൽ രൂപം അടുത്തടുത്തേക്ക് വന്നുകൊണ്ടിരുന്നു. ഹരിക്ക് ശരീരം വിറയ്ക്കാൻ തുടങ്ങി. കയ്യിലുള്ള സാധനങ്ങളടങ്ങിയ സഞ്ചി അരികിൽ വെച്ച് തോടിന്റെ സൈഡിലുള്ള ഉയരം കുറഞ്ഞ തെങ്ങിലേക്ക് എങ്ങിനെയോ പാഞ്ഞു കയറി. തെങ്ങിൻ കൂരയിൽ എത്തിയത് അറിഞ്ഞില്ല. അവിടെയിരുന്നു ശ്വാസം പിടിച്ചു നിന്നു സൂക്ഷിച്ചു നോക്കി. ആശ്വാസം ! “അവൻ വരാൻ കണ്ട ഒരു നേരം”. ഹരി മനസ്സിൽ പറഞ്ഞു, ഹരിക്ക് ദേഷ്യവും ചിരിയും വന്നു. ‘പണ്ടാരകാലൻ’ സ്വയം പറഞ്ഞു.

അത് ഹരിയുടെ സുഹൃത്തായ പോക്കരായിരുന്നു. പോക്കരുടെ വീട്ടിൽ പശുക്കളും എരുമകളും ഉണ്ട്. പാല് വിറ്റാണ് ജീവിക്കുന്നത്. അവക്ക് പുല്ല് അരിഞ്ഞുകൊണ്ട് വരുമ്പോഴേക്കും രാത്രിയാകും. പിന്നെ അവയെ കുളിപ്പിക്കണം, അവനും കുളിക്കണം. അതിന് അവൻ എരുമയുടെ പുറത്ത് കയറി ഇരുന്നാണ് ഈന്തുംകുണ്ട് കുളത്തിലേക്ക് കുളിക്കാനും കഴുകാനും വരാറെന്ന് പിന്നീട് ഹരി ചോദിച്ചു മനസ്സിലാക്കി. പക്ഷെ അന്ന് ഹരി ഒന്നും മിണ്ടിയില്ല. പേടിച്ച്

തെങ്ങിൽ കയറിയിരുന്നു വിവരം അവനോടു പറഞ്ഞാൽ പിറ്റെ ദിവസവും ക്ലബ്ബിലേക്ക് പോകേണ്ടി വരില്ല. എല്ലാവരും കളിയാക്കി തിന്നും. അതിനാൽ ഹരി ഒന്നും മിണ്ടിയില്ല. അവൻ പോയതിനു ശേഷം തെങ്ങിൽ നിന്നും ഇറങ്ങാൻ വയ്യാതെ കുറെ നേരം ഇരുന്നു. ഇട്ട ബനിയൻ ഊരി തളപ്പു ണ്ടാക്കി എങ്ങിനെയോ ഇറങ്ങി. വീട്ടിലെത്തിയപ്പോൾ അമ്മയുടെ ശകാരം. ഒന്നും മിണ്ടിയില്ല. "എടാ ഇട്ട ബനിയൻ എവിടെ?" അമ്മ ചോദിച്ചു. അപ്പോൾ ഹരി കയ്യിലുള്ള സഞ്ചി അമ്മക്കു നീട്ടി പറഞ്ഞു "അത് കീറി" അമ്മ സഞ്ചിയിലേക്ക് നോക്കി. അതിൽ സാധനങ്ങൾ കണ്ടപ്പോൾ കൂടാതലൊന്നും ചോദിച്ചില്ല. "ഇതെവിടുന്ന് കിട്ടി ?" "ഞാനും ചെക്കമ്മാരും കാഞ്ഞിരത്തോല് പൊളിച്ചു വിറ്റു കിട്ടിയ പൈസക്ക് വാങ്ങിയതാ". ഹരി പിന്നെ ഒന്നും പറഞ്ഞില്ല. ഇത് കേട്ടപ്പോൾ അമ്മയുടെ കണ്ണിൽ നിന്നും കണ്ണീർ ധാരയായി ഒഴുകികൊണ്ടിരുന്നു. അമ്മ ഹരിയെ പിടിച്ച് മാറോടണച്ചു നെറുകയിൽ ചുംബിച്ചു.